ENTRI

1 Crore User Downloads

# CURRENT AFFAIRS 13 JUNE 2025




**ഐക്യരാഷ്ട്രസഭയുടെ മൂന്നാമത് സമുദ്ര സമ്മേളനത്തിന് (UNOC3) വേദിയായത്**

നൈസ്, ഫ്രാൻസ്

---



**ഇന്ത്യൻ നാവികസേനയുടെ ആന്റി-സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് (ASW-SWC) പരമ്പരയിലെ ആദ്യത്തെ യുദ്ധക്കപ്പൽ**

ഐഎൻഎസ് അർണാല

- ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തുന്ന 16 ASW-SWC ക്ലാസ് കപ്പലുകളിൽ ആദ്യത്തേതാണ് 'അർണാല'.
- കൊൽക്കത്തയിലെ ഗാർഡൻ റീച്ച് ഷിപ്പ് ബിൽഡേഴ്സ് & എഞ്ചിനീയേഴ്സ് (ജിആർഎസ്ഇ) പൊതു-സ്വകാര്യ സഹകരണത്തോടെ എൽ ആൻഡ് ടി ഷിപ്പ് ബിൽഡേഴ്സുമായി സഹകരിച്ച് കപ്പൽ രൂപകൽപ്പന ചെയ്ത് നിർമ്മിച്ചതാണ് ഐഎൻഎസ് അർണാല.
- മഹാരാഷ്ട്രയിലെ വസായിലെ ചരിത്രപ്രസിദ്ധമായ അർണാല കോട്ടയുടെ പേരാണ് യുദ്ധക്കപ്പലിന് നൽകിയിരിക്കുന്നത്.

---



ലെഫ്റ്റനന്റ് ജനറൽ രാജീവ് ഗായ്

**2025 ജൂണിൽ ഡെപ്യൂട്ടി ചീഫ് ഓഫ് ആർമി സ്റ്റാഫ് (സ്ട്രാറ്റജി) ആയി നിയമിതനായത്**

ലെഫ്റ്റനന്റ് ജനറൽ രാജീവ് ഗായ്

---

**വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന സ്റ്റീൽ, അലുമിനിയം എന്നിവയുടെ തീരുവ 50% ആക്കി ഉയർത്തിയ രാജ്യം**

യുഎസ്

---



അഞ്ചൽ ഭതേജ

**ഇന്ത്യയുടെ സുപ്രീം കോടതിയിൽ കേസ് വാദിക്കുന്ന ആദ്യത്തെ അന്ധയായ വനിതാ അഭിഭാഷക**

അഞ്ചൽ ഭതേജ

---




**ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ മൂല്യാധിഷ്ഠിത വ്യക്തിത്വ വികസനം ലക്ഷ്യമിട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതി**

കൂടെയുണ്ട് കരുത്തേകാൻ

- വിദ്യാർത്ഥികളിലെ ലഹരി ഉപയോഗ പ്രവണതകൾക്ക് തടയിടുക, വ്യക്തിശുചിത്വം, നിയമ അവബോധം എന്നിവയിൽ കൃത്യമായ ധാരണ സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.